# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4450 17.12.2014 ൽ മറുപടിക്ക്

## പാമ്പാറിന് കുറുകെ അണക്കെട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.വി.വിജയദാസ് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ്മന്ത്രി) |
| (എ) പാമ്പാറിന് കുറുകെ നിർമ്മിക്കുന്ന പട്ടിശ്ശേരി അണക്കെട്ടിന്റെ നിർമാണം ഏതു ഘട്ടത്തിലാണ് ; | (എ) പാമ്പാർ നദിക്ക് കുറുകെ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ പാമ്പാറിന്റെ പോഷകനദിയായ ചെങ്ങളാറിൽ നിർമ്മിക്കുന്ന പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. പദ്ധതിയുടെ നിർമ്മാണോത്ഘാടനം 03.11.2014-ൽ നടന്നു. |
| (ബി) തമിഴ്നാട് ഈ അണക്കെട്ട് നിർമ്മാണത്തിൽ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന് ആധാരമായി ഉയർത്തിയിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; ഇക്കാര്യത്തിൽ നിലപാട് അറിയിക്കാമോ ; | (ബി) തമിഴ്നാട് ഈ അണക്കെട്ട് നിർമ്മാണത്തിൽ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. തമിഴ്നാട് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ D.O. Lr.No.15719/cspl/12 dated 08.11.2014 കത്ത് മുഖാന്തിരം പട്ടിശ്ശേരി അണക്കെട്ടിന്റെ നിർമാണത്തെ എതിർത്ത് കൊണ്ട് ഒരു കത്ത് നൽകിയിട്ടുണ്ട്<br><br>കാവേരി നദീജലതർക്കട്രൈബ്യൂണലിന്റെ അന്തിമവിധി പ്രകാരം പാമ്പാർ ബേസിനിൽ നിന്നും 3 ടി.എം.സി ജലം ഉപയോഗപ്പെടുത്തുവാൻ കേരളത്തിന് അനുവാദം ലഭിച്ചിട്ടുണ്ട്. പട്ടിശ്ശേരി |

അണക്കെട്ട് നിർമ്മിക്കുന്നതുമൂലം 0.075 ടി.എം.സി ജലം മാത്രമേ ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ.

ടി പദ്ധതി മൂലം ഉപയോഗപ്പെടുത്തുന്ന ജലം കേരളത്തിനനുവദിച്ചിട്ടുള്ള ജലത്തിന്റെ പരിധിക്കുള്ളിലുമാണ്. CWDT-യുടെ വിധിയിലെ ഒൻപതാം അദ്ധ്യായത്തിലെ 18–ാമത്തെ നിബന്ധനപ്രകാരം (Clause XVIII) ടി പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനു തടസ്സങ്ങൾ ഒന്നുമില്ല.

(സി) ഈ പ്രതിഷേധത്തിന്റേയും മുല്ലപ്പെരിയാർ പ്രശ്നത്തിന്റെയും പശ്ചാത്തലത്തിൽ കാലാവധി കഴിഞ്ഞ പറമ്പിക്കുളം ആളിയാർ കരാർ പുന:പരിശോധിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

(സി) പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന്റെ കാലാവധി പ്രസ്തുത കരാറിൽ പരാമർശിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിൽ ഒരിക്കൽ കരാർ പുനരവലോകനം ചെയ്യുവാൻ കരാറിൽ വ്യവസ്ഥയുണ്ട്. പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതിന് ഇരു സംസ്ഥാനങ്ങളും തമ്മിൽ നിരവധി ചർച്ചകൾ നടത്തിയിരുന്നുവെങ്കിലും സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധികജല ലഭ്യത പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ പരസ്പരധാരണയിലെത്താൻ കഴിയാത്തതിനാൽ കരാർ പുനരവലോകനം നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല. തുടർ ചർച്ചകൾ ഇക്കാര്യത്തിൽ ആവശ്യമാണ്.

സെക്ഷൻ ഓഫീസർ